## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ .ഐ.എ.എസ്.)

വിഷയം:- വനിത ശിശു വികസന വകുപ്പ് –ഐസി.ഡി.എസ് മുതുകുളം അഡീഷണൽ- തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം - ഹോണറേറിയം ബിൽ- മെയ് 2025 -ബാങ്ക് അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ചെയ്തത്- തുക ശീർഷകം മാറി തിരിച്ചടവാക്കിയത്- അധികതുക അനുവദിച്ചുത്തരവാകുന്നു.

പരാമർശം :

1 **മുതുകുളം അഡീഷണൽ ശിശു വികസന പദ്ധതി ആഫീസറുടെ 24/06/2025 ലെ ICDS/KYLM/479/2025 നമ്പർ കത്ത്**

2 **ആലപ്പുഴ ജില്ല വനിതാ ശിശു വികസന ഓഫീസറുടെ 25/06/2025 ലെ DWCDO/ALP/347/2025-A1 നമ്പർ കത്ത്**

3 **ചലാൻ നമ്പർ KL014339774202526 M തീയതി 24/06/2025**

**ഉത്തരവ് നം. DWCD/4087/2025-ICDSB6 തീയതി: 11-08-2025**

ഐസി.ഡി.എസ് മുതുകുളം അഡീഷണൽ പ്രൊജക്ടിലെ 51 അങ്കണവാടി വർക്കർമാരുടെ 2025 മെയ് മാസത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം ഹോണറേറിയം, 1,09,573/-രൂപ 2235-02-102-34 NP ശീർഷകത്തിൽ നിന്നും ഒരു വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് മാത്രം ക്രെഡിറ്റ് ആയതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി തുക ചലാൻ മുഖേന തിരിച്ചടവാക്കി പരാമർശം (1) പ്രകാരം **മുതുകുളം അഡീഷണൽ ശിശു വികസന പദ്ധതി ആഫീസർ** ചലാൻ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്.

51 അങ്കണവാടി വർക്കർമാർക്ക് നൽകേണ്ട 2025 മെയ് മാസത്തെ ഹോണറേറിയം ആകെ 1,09,573/-രൂപ വീണ്ടും 2235-02-102-34 (NP) ശീർഷകത്തിൽ നിന്നും അധികമായി അനുവദിക്കണമെന്ന് ആലപ്പുഴ ജില്ല വനിതാ ശിശു വികസന ഓഫീസർ പരാമർശം (2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ചെലാൻ പരിശോധനയിൽ 2235-02-102-34 (NP) ശീർഷകത്തിലേയ്ക്ക് തിരിച്ചടവാക്കേണ്ട 1,09,573/- രൂപ 2235-02-102-55-00-02-04 NP ശീർഷകത്തിലേയ്ക്കാണ് തെറ്റായി തിരിച്ചടച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ, മുതുകുളം അഡീഷണൽ ഐസി.ഡി.എസ് പ്രൊജക്ടിലെ 51 അങ്കണവാടി വർക്കർമാർക്ക് അനുവദിക്കേണ്ടതിനു ആവശ്യമായ 2025 മെയ് മാസത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം ഹോണറേറിയം തുക 1,09,573/- രൂപ ( ഒരു ലക്ഷത്തി ഒൻപതായിരത്തി അഞ്ഞൂറ്റി എഴുപത്തി മൂന്ന്) രൂപ നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-34 (NP) ശീർഷകത്തിൽ നിന്നും ആലപ്പുഴ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അനുവദിച്ചുത്തരവാകുന്നു. ജില്ല ആഫീസർ ഈ തുക അലോട്ടമെന്റായി മുതുകുളം അഡീഷണൽ ശിശു വികസന ആഫീസർക്ക് അനുവദിക്കേണ്ടതാണ്

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ആലപ്പുഴ

പകർപ്പ് :

1. സൂപ്രണ്ട് അക്കൗണ്ട് സെക്ഷന്
2. ശിശുവികസനപദ്ധതി ഓഫീസർ ,ഐസി.ഡി.എസ് മുതുകളം അഡീഷണൽ
3 വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4 സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്